# *നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കട്ടെ (1കൊരിന്ത്യർ 10:12)*

## *(പാസ്റ്റർ ജോൺ റ്റി. കുര്യൻ)*

ദൈവകൃപയിൽ നിലനിൽക്കുന്നതിനു വേണ്ടിയത്രേ ഓരോ ദൈവ പൈതലും വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിൻെറ കൃപയിൽ നിലനിൽക്കുന്നവനുവേണ്ടി ദൈവത്തിൻെറ ദയ ദീർഘമാക്കുന്നു. ദൈവത്തിൻെറ ദയയിൽ നിലനിൽക്കാതെ ദൈവ ദയയ്ക്കുവേണ്ടി പ്രാർത്ഥിച്ചാൽ ലഭ്യമല്ല, ദയയിൽ നില നിന്നില്ലെങ്കിൽ ഛേദിക്കപ്പെടും (റോമർ 11:22) ദൈവത്തിൻെറ ദയയും കരുണയും ലഭിച്ച യിസ്രായേൽ ജനം ആത്മീയ ആഹാരം തിന്നുകയും ആത്മീയ പാനിയം കുടിക്കുകയും ചെയ്തു. മേഘത്തെ നോക്കി യാത്ര ചെയ്തിടത്തെല്ലാം അവർ പട്ടിണികൊണ്ടു മരിക്കാതെ മന്ന മുടക്കം കൂടാതെ രാവിലെതോറും ഭക്ഷിക്കുകയും, ദാഹിച്ചു മരിക്കാതെ അവരെ അനുഗമിച്ച അടിക്കപ്പെട്ട പാറയിൽനിന്നു കുടിക്കുകയും ചെയ്തുകൊണ്ടിരുന്നു. എങ്കിലും അവർ മിക്കപേരിലും ദൈവം പ്രസാദിക്കാതിരിപ്പാൻ അവരുടെ പാപം കാരണമായിത്തീർന്നു. മിസ്രയീമിൽ നിന്നു ഇറങ്ങിത്തിരിച്ചവരിൽ രണ്ടു പേർ ഒഴികെ ബാക്കി എല്ലാവരും മരുഭൂമിയിൽ പട്ടുപോയി. അവർ പട്ടുപോയതിനുള്ള അഞ്ചുവിധ പാപങ്ങൾ – മോഹം, വിഗ്രഹാരാധന, പരസംഗം, പരീക്ഷ, പിറുപിറുപ്പ് എന്നിവയായിരുന്നു.

1. മോഹം. ദൈവം നൽകിയതുകൊണ്ട് തൃപ്തിപ്പെടാതിരുന്നവരുടെമേൽ ദൈവത്തിൻെറ കോപം ജ്വലിച്ചു. യഹോവ ഒരു മഹാ ബാധ കൊണ്ട് ജനത്തെ സംഹരിച്ചു. ദുരാഗ്രഹികളുടെ കൂട്ടത്തെ കുഴിച്ചിട്ട സ്ഥലത്തിന് കിബ്രോത്ത്-ഹത്താവ എന്നു പേരായി. (സംഖ്യ 11: 33,34). ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിൻെറ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കണം. റോമർ 1ാം അദ്ധ്യായം 24 മുതൽ 33 വരെയുള്ള വാക്യങ്ങളിൽ 22 വിധത്തിലുള്ള പാപങ്ങളെക്കുറിച്ചു പറഞ്ഞിട്ട് ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നത്രേ എഴുതിയിരി ക്കുന്നത്. ആത്മാവിനെ അനുസരിച്ചു നടന്നാൽ നാം ജഡത്തിൻെറ മോഹം നിവർത്തിക്കുകയില്ല. (ഗലാത്യർ 5:17,18).

2. വിഗ്രഹാരാധന. വിഗ്രഹങ്ങളെ ഉണ്ടാക്കരുതെന്ന് ദൈവം നിഷ്ക്കർഷയായി കല്പിച്ചിരിക്കുന്നു. വിഗ്രഹാരാധന ദൈവം വെറുക്കുന്നു. ദൈവമക്കൾ വിഗ്രഹാരാധന വിട്ടവരാണ് എന്ന് അഭിമാനപുരസരം ഘോഷിക്കുന്നു. എന്നാൽ അത്യാഗ്രഹം വിഗ്രഹാരാധനയെന്നു ദൈവവചനം അനുശാസിക്കുന്നു (കൊലോസ്യർ 3:5,6). ദൈവ കോപം ഇങ്ങനെയുള്ളവരുടെ മേൽ വരുന്നു. ജഡത്തിൻെറ പ്രവൃത്തികളിൽ പെട്ടതാണ് വിഗ്രഹാരാധന. (ഗലാത്യർ 5:19-21).

3. പരസംഗം. (ദുർന്നടപ്പ്). കൊരിന്ത്യ സഭയിൽ ഉണ്ടായിരുന്ന പരസംഗം ചെയ്തവനെ സഭയിൽ നിന്നു നീക്കുവാൻ തക്കവണ്ണം ദു:ഖിക്കാത്തതിനെ പൗലോസ് ശാസിക്കുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം പരസംഗം വിട്ട് ഒഴിഞ്ഞിരിക്കണം (അപ്പോ പ്രവൃ 15 : 20). യാതൊരു ദുർന്നടപ്പും ദൈവമക്കളുടെ ഇടയിൽ പേർ പറകപോലും അരുത്. (എഫേസ്യർ 5:3). കർത്താവിനോടു പറ്റിച്ചേരുന്നവൻ ദുർന്നടപ്പു വിട്ട് ഓടിപ്പോകണം (1 കൊരിന്ത്യർ 6:17,18).

4. പരീക്ഷ. പോഷിക്കപ്പെടുന്നതിനുള്ളതെല്ലാം ദൈവം തൻെറ ജനത്തിനു കൊടുത്തിട്ടും അതിൽ തൃപ്തിപ്പെടാതെ അവർ തങ്ങളുടെ കൊതിക്ക് ഭക്ഷണം ചോദിച്ചുകൊണ്ട് ദൈവത്തെ പരീക്ഷിച്ചു. (സങ്കീർത്തനം 78:18). യേശു മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടാറെ ആത്മാവിൻെറ ശക്തിയോടെ ഗലീലയ്ക്കു മടങ്ങി. പരീക്ഷയിൽ തോല്ക്കാതെയും കർത്താവിനെ പരീക്ഷിക്കാതെയും, ആത്മ നിറവും ശക്തിയും പ്രാപിക്കാം.

5. പിറുപിറുപ്പ്. യിസ്രായേൽ മക്കൾ മോശയ്ക്കും ദൈവത്തിനും വിരോധമായി പിറുപിറുക്കുന്നവരായിരുന്നു. ദൈവദാസന്മാരുടെ നേരെ പിറുപിറുക്കുന്നത് ദൈവത്തിനു നേരെ പിറുപിറുക്കുകയാണ്. (സംഖ്യ 16ആ8) മോശയുടെ സഹോദരങ്ങളായ മിര്യാമും (പ്രവാചകി) അഹരോനും (മഹാപുരോഹിതൻ) മോശയ്ക്കു വിരോധമായി സംസാരിച്ചതിനാൽ യഹോവയുടെ കോപം അവരുടെ നേരെ ജ്വലിച്ചു. (സംഖ്യ 12:1-14). വക്രതയും കോടവുമുള്ള തലമുറയുടെ നടുവിൽ ദൈവമക്കൾ ആകേണ്ടതിനു, എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്യുവിൻ. (ഫിലിപ്യർ 2:14). പിറുപിറുപ്പ് ദൈവം വെറുക്കുന്നു..

മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റ ദൈവ ജനത്തിനു പറ്റിയ വിനകൾ ദൃഷ്ഠാന്തത്തിനായി അവർക്കു ഭവിച്ചു. എന്നാൽ ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിനായി എഴുതിയിരിക്കുകയാണ്. വിശേഷാൽ സ്വന്ത നാടും വീടും വിട്ട് ഈ രാജ്യത്തു വന്നു പാർക്കുന്ന നമുക്കു ഉണ്ടാകുന്ന പ്രലോഭനങ്ങളും ആഗ്രഹങ്ങളും നമ്മെ പാപത്തിലേക്കും നാശത്തിലേക്കും അനുനയപ്പിക്കരുത്. ലോകാവസാനത്തിൽ വന്നെത്തിയിരിക്കുന്ന നാം കർത്താവിനു വേണ്ടി നില്ക്കുവാൻ ഇടയാകണം. ആകയാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ കരുതിക്കൊള്ളട്ടെ.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved